# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

## സർക്കുലർ

നമ്പർ : **12/2018**

തിരുവനന്തപുരം,

തീയതി : **22/10/2018**

വിഷയം :– കോളേജ് വിദ്യാഭ്യാസം – യു.ജി.സി അംഗീകൃതസ്ഥാപനങ്ങളെ സംബന്ധിച്ച്

സൂചന :– 18.06.2018–ലെ ബഹു.കമ്മീഷന്റെ 2– )ം നമ്പർ തീരുമാനം.

*****************

ഇന്ത്യയിൽ ബിരുദങ്ങൾ നൽകുന്നത് താഴെപ്പറയുന്ന രീതിയിലുള്ള സ്ഥാപനങ്ങളാണ്.

1. Central Universities
2. Institutes of National Importance
3. State Universities
4. Private Universities
5. Institutes deemed to be Universities.

സർവ്വകലാശാലാതലത്തിലുള്ള വിദ്യാഭ്യാസത്തിന്റെ ഏകോപനത്തിനും പുരോഗതിയ്ക്കും അദ്ധ്യാപനനിലവാരം, പരീക്ഷ, ഗവേഷണം ഇവയുടെ നിലവാരം കാത്തുസൂക്ഷിക്കുന്നതിനാവശ്യ–മായ നടപടികൾ സ്വീകരിക്കുന്നതിനുമാണ് University Grants Commission സ്ഥാപിക്കപ്പെട്ടിട്ടുള്ളത്.

1956 –ലെ UGC Act പ്രകാരം UGC യുടെ ഉപദേശമനുസരിച്ച് ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഏതൊരുസ്ഥാപനത്തെയും UGC Act നിർവചിക്കും പ്രകാരമുള്ള യൂണിവേഴ്സിറ്റിയായി കേന്ദ്ര സർക്കാരിന് പ്രഖ്യാപിക്കാവുന്നതും അപ്രകാരം പ്രഖ്യാപിക്കപ്പെടുമ്പോൾ പ്രസ്തുത സ്ഥാപനം UGC Act –ൽ നിർവചിക്കപ്പെട്ട പ്രകാരമുള്ള സർവ്വകലാശാലയായി കണക്കാക്കപ്പെടുന്നതുമാണ്.

ഒരു സർവ്വകലാശാലയിൽ അംഗമായതോ, സർവ്വകലാശാല നടത്തുന്നതോ

സർവ്വകലാശാലയുടെ അംഗീകാരമുള്ളതോ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ നിയമം വഴി സ്ഥാപിച്ചതോ, സർക്കാരുകൾ നേരിട്ട് നടത്തുന്നതോ ആയ സ്ഥാപനങ്ങൾ ബിരുദം, ബിരുദാനന്തരബിരുദം, ഒരു അധ്യയനവർഷത്തിൽ കുറയാതെയുള്ള ഡിപ്ലോമ തുടങ്ങിയ കോഴ്സുകൾ നടത്തുന്ന പക്ഷം അവയെ യു.ജി.സി യുടെ നിബന്ധന പ്രകാരം സർവ്വകലാശാലയായി കണക്കാക്കുന്നതാണെന്ന് Recognition of College in terms of Regulation, 1974 made under the U.G.C Act- ൽ വ്യക്തമാക്കിയിട്ടുണ്ട്.

U.G.C Regulations Act 1956-ന്റെ കാലാകാലങ്ങളിലെ ഭേദഗതികളനനുസരിച്ച് U.G.C അംഗീകൃതസ്ഥാപനങ്ങളുടെ എണ്ണത്തിലും വ്യത്യാസം വരുന്നു. നിലവിൽ യു.ജി.സി യുടെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ ആകെ 850 സർവ്വകലാശാലകൾ (State Universities - 384, Deemed to be Universities - 123, Central Universities - 47, Private Universities - 296) പ്രവർത്തിക്കുന്നു.

UGC( Institutions of Eminence Deemed to be Universities) Regulations, 2017 പ്രകാരം സർക്കാർ ഉടമസ്ഥതയിലുള്ളതോ സർക്കാർ നിയന്ത്രണത്തിലുള്ളതോ ആയ Deemed to be University-കൾക്ക് UGC മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Institution of Eminence Deemed to be University പദവി ലഭിക്കുന്നതിലേയ്ക്ക് Ministry of Human Resource Department-ലേയ്ക്ക് അപേക്ഷിക്കാവുന്നതും ടി സ്ഥാപനത്തെക്കുറിച്ചുള്ള UGC-യുടെ അംഗീകാരമുള്ള Empowered Expert Committee യുടെ പരിശോധനാറിപ്പോർട്ട് UGC, MHRD യ്ക്കു നൽകുന്നതും MHRD യുടെ അംഗീകാരം ലഭിച്ചശേഷം ടി സ്ഥാപനം ഒരു Memorandum of Understanding അംഗീകരിക്കേണ്ടതുമാണ്. ടി സ്ഥാപനത്തെ Institution of Eminence Deemed to be University ആയി വിജ്ഞാപനം ചെയ്യുന്നത് MHRD യാണ്.

17.07.1965-ലെ G.O(MS) No.526/PD-യിലെ വ്യവസ്ഥകൾപ്രകാരം പാർലമെന്റ്/സംസ്ഥാനനിയമസഭകൾ ഇവയിലേതെങ്കിലും പാസാക്കിയ നിയമപ്രകാരം സ്ഥാപിതമായിട്ടുള്ളതോ UGC അംഗീകൃതമായിട്ടുള്ളതോ ആയ സർവ്വകലാശാലകൾ നൽകുന്ന ഡിഗ്രികൾ, ഡിപ്ലോമകൾ ഇവ സർക്കാർ സർവ്വീസിലേയ്ക്കുള്ള നിയമനങ്ങൾക്ക് സ്വീകാര്യമാണ്. ഒരു തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് ടി തസ്തികയുടെ നിലവിലുള്ള വിശേഷാൽചട്ടങ്ങൾ അനുസരിച്ചാണ് . പ്രസ്തുത വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളുടെ അടിസ്ഥാനത്തിലാണ് അപേക്ഷകളുടെ സ്വീകാര്യത. KS&SSR Part II ചട്ടം 10(a)(ii) പ്രകാരം വിശേഷാൽചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് തത്തുല്യമാണെന്ന് സർക്കാർ ഉത്തരവ് മുഖേന വ്യക്തമാക്കിയിട്ടുള്ള എല്ലാ യോഗ്യതകളും പ്രസ്തുത തസ്തികയുടെ തെരഞ്ഞെടുപ്പിന് സ്വീകരിക്കാവുന്നതാണ്.

UGC അംഗീകൃതമായ യോഗ്യതകൾ വിശേഷാൽ ചട്ടത്തിൽ നിഷ്കർഷിക്കുന്ന പക്ഷം State Universities, Deemed to be Universities, Central Universities, UGC യുടെ അംഗീകാരമുള്ള Private Universities, National Institutes established by Govt. of India, Institutes established by Govt. of Kerala, Institutions of Eminence Deemed to be Universities എന്നീ വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങൾ നൽകുന്ന യോഗ്യതകളും അവയ്ക്ക് തത്തുല്യമെന്ന് സർക്കാർ ഉത്തരവുകളിലൂടെ വ്യക്തമാക്കിയിട്ടുള്ള യോഗ്യതകളും സ്വീകരിക്കാവുന്നതാണ്. യോഗ്യതകളുടെ സ്വീകാര്യത നിശ്ചയിക്കുന്നതിനായി മേൽപ്പറഞ്ഞ പ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്ന് യോഗ്യത നേടിയ ഉദ്യോഗാർത്ഥികളോട് UGC അംഗീകൃതമെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതില്ല. എന്നാൽ ഏതെങ്കിലും തസ്തികയുടെ വിശേഷാൽചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള

യോഗ്യത കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ചതായിരിക്കണം എന്ന് വ്യവസ്ഥ ചെയ്യുന്ന പക്ഷം കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നുള്ള Equivalency Certificate ഹാജരാക്കുവാൻ നിഷ്കർഷിക്കേണ്ടതാണ്. കൂടാതെ കാലാകാലങ്ങളിൽ UGC അംഗീകൃതസ്ഥാപനങ്ങളുടെ പട്ടിക പുതുക്കുമ്പോൾ ആയതുകൂടി ബന്ധപ്പെട്ട റിക്രൂട്ട്മെന്റ് വിഭാഗങ്ങൾ യോഗ്യതയുടെ സ്വീകാര്യത നിശ്ചയിക്കുന്നതിനായി പരിശോധിക്കേണ്ടതുമാണ്.

(ഉത്തരവിൻ പ്രകാരം)

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
സെക്രട്ടറിക്കുവേണ്ടി